# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 103 28.11.2018- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീ. കെ.സി. ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വിദേശ രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്; | എ) & ബി) | വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 30 ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന പദ്ധതിയിൽ വായ്പാതുകയുടെ 15% 'ബാക്ക് എൻഡ്' സബ്സിഡിയും ഗഡുക്കൾ കൃത്യമായി തിരികെ അടയ്ക്കുന്നവർക്ക് ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ബാങ്ക് വായ്പയിൽ ക്രമീകരിച്ച് നൽകുന്നതാണ്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക്, സഹകരണ |
| ബി) | പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ കേരള പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖേനയാണ് ബാങ്ക് വായ്പ ലഭ്യമാക്കുന്നത്.<br>ഈ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി. സഹായിച്ചു വരുന്നു. ഈ പദ്ധതിയിൻ കീഴിൽ ആരംഭിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറു മാസം സി.എം.ഡി. ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതാണ്. |
| സി) | മടങ്ങിവരുന്ന പ്രവാസി മലയാളികൾക്ക് വേണ്ടി നടപ്പിലാക്കിയ, ബാങ്കുകൾ മുഖേനയുള്ള വായ്പാ പദ്ധതി പ്രകാരം 2016 ഏപ്രിൽ ഒന്നിന് ശേഷം എത്ര പേർക്ക് വായ്പ നൽകിയെന്നും ഇതിന്റെ മാർജിൻ മണിയായി സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | സി) | 2016 ഏപ്രിൽ ഒന്നിനു ശേഷം 1187 പേർക്കായി 13.86 കോടി രൂപ മൂലധന സബ്സിഡി ആയി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ